## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 819** — **02.12.2015 ലെ മറുപടിക്ക്**

### സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അംഗീകാരം റദ്ദാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം. തോമസ് ഐസക് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോഴവാങ്ങി പ്രവേശനം നടത്തുന്ന ന്യൂനപക്ഷപദവിയുള്ള ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അംഗീകാരം റദ്ദാക്കണമെന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളാണെന്നും ആയതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) ബാധകമല്ല |
| (സി) സർക്കാരുമായി കരാർ വയ്ക്കാതെയും 50% സീറ്റ് നീക്കി വയ്ക്കാതെയും ലക്ഷങ്ങൾ കോഴ വാങ്ങി പ്രവേശനം നടത്തുന്ന ജനാധിപത്യവിരുദ്ധമായ നടപടി ശരിയാണോ; | (സി) ശരിയല്ല. ദേശീയ ന്യൂനപക്ഷ കമ്മീഷൻ അനുവദിക്കുന്ന ന്യൂനപക്ഷ പദവിയുടെ പിൻബലത്തിലാണ് 6 കോളേജുകൾ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയത്. എങ്കിലും സർക്കാരുമായി കരാറിലേർപ്പെടാത്ത ടി കോളേജുകൾക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ 10.3.2015 മുതൽ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

(ഡി) ബഹു. സുപ്രീം കോടതി വിധിയുടെ മറവിൽ വൻ തട്ടിപ്പ് നടത്തുന്ന കോളേജ് മാനേജ്മെന്റിനെതിരെ കേസ്സെടുക്കണമെന്ന കമ്മീഷൻ അഭിപ്രായത്തോടുള്ള സമീപനം എന്താണ്?

(ഡി) ന്യൂനപക്ഷ പദവിയുടെ പേരിൽ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയിൽ പ്രവേശനം നടത്തുന്ന കോളേജുകൾക്കെതിരെ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നടപടികൾക്ക് ശുപാർശ ചെയ്യുന്നപക്ഷം അതിൻമേൽ സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. എന്നിരുന്നാലും സർക്കാരുമായി കരാറിലേർപ്പെടാത്ത കോളേജുകൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 10.3.2015 ലെ സ.ഉ(സാധ) നം.810/2015/ആ.കു.വ. പ്രകാരം ടി കോളേജുകൾക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ പിൻവലിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ ടി കോളേജുകളിലെ പ്രവേശനം സുതാര്യമായാണോ നടത്തിയതെന്ന് പരിശോധിക്കാൻ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോടും ടി കോളേജുകളുടെ അഫിലിയേഷൻ പിൻവലിക്കുന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തുവാനായി കേരള ആരോഗ്യ സർവ്വകലാശാലയോടും ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ